LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം

280(1265) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ നിർവഹണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പണി പൂർത്തീകരിച്ചു. 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തു ടനീളമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളു ടെയും കൈവശമുള്ള കളിസ്ഥലത്തിനായി ലഭ്യമായ സ്ഥലം സംബന്ധിച്ച വിവരശേഖരണം നടത്തി വരുന്നു.

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ എസ്.പി.വി. കൺസൾട്ടന്റായ കിറ്റ്കോ മുഖാന്തരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർവ്വഹണത്തിലെ

തടസ്സങ്ങൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർ പ്രവൃത്തികൾക്കുള്ള മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പഞ്ചായത്ത് സ്റ്റേഡിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കായിക രംഗത്തെ യശസ്സ് നിലനിർത്തുന്നതിന് നടപടികൾ

281(1266) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കായിക രംഗത്തുണ്ടായിരുന്ന യശസ്സ് നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നത്?

സംസ്ഥാനത്ത് കായിക രംഗത്തുണ്ടായിരുന്ന യശസ്സ് നിലനിർത്തുന്നതിനും ലോകോത്തര നിലവാരത്തിലുള്ള മികച്ച കായിക താരങ്ങളെ വാർത്തെടുക്കാനും കായികതാരങ്ങളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിലേയ്ക്കുമായി സംസ്ഥാനത്തൊട്ടാകെയുള്ള കായിക താരങ്ങളെ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നീ സ്കീമുകൾ വഴി 8-ാം ക്ലാസ്സ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ള യോഗ്യരായ കായിക താരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും നൽകി വരുന്നു. കൂടാതെ പ്രഗത്ഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകിവരുന്നു. ദേശീയ അന്തർദേശീയ കായികരംഗത്ത് മികവ് പുലർത്തുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിനും തുടർ പരിശീലനത്തിനുമുള്ള സാമ്പത്തിക സഹായവും അനുവദിച്ചുവരുന്നു. കായിക രംഗത്ത് മികവാർന്ന നേട്ടങ്ങൾ കരസ്ഥമാക്കുന്ന ഓരോ പുരുഷ, വനിതാ

LIBRARY ARCHIVES Kerala Legislative Assembly